"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വട്ടച്ചിറ ആദിവാസി കോളനി-സമഗ്രവികസനം- സിൽവർഓക്ക് മരങ്ങൾ മുറിച്ച് വിറ്റപ്പോൾ കിട്ടിയ വരുമാനത്തിന്റെ നിശ്ചിത ശതമാനം അനുവദിക്കുന്നു- പുതുക്കിയ ഭരണാനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വനം വന്യജീവി (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.305/2022/F&WLD തീയതി,തിരുവനന്തപുരം, 20-07-2022

---

പരാമർശം:-
1. സ.ഉ.(സാധാ) നം. 81/2022/വനം തീയ്യതി 05.03.2022
2. പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (പ്ലാനിംഗ് & ഡവലപ്പ്മെന്റ്) ന്റെ 25.05.2022 ലെ എ1/2682/21 നമ്പർ കത്ത്

**ഉത്തരവ്**

വട്ടച്ചിറ ആദിവാസി കോളനിയിലെ സിൽവർഓക്ക് മരങ്ങൾ മുറിച്ച് വിറ്റപ്പോൾ കിട്ടിയ വരുമാനത്തിന്റെ 80 % തുകയായ 52,98,400 രൂപ കോളനിയുടെ സമഗ്രവികസനത്തിനായി ഉപയോഗിക്കാൻ പരാമർശത്തിലെ ഉത്തരവ് പ്രകാരം ഭരണാനുമതി ലഭിച്ചിരുന്നെങ്കിലും 2021-22 വർഷം അനുവദിച്ച തുക ചെലവഴിക്കാൻ കഴിയാത്തതിനാൽ 2022-23 സാമ്പത്തിക വർഷം ഇതേ തുക വീണ്ടും അനുവദിയ്ക്കണമെന്ന് പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (പ്ലാനിംഗ് & ഡവലപ്പ്മെന്റ്) പരാമർശത്തിലെ കത്തു പ്രകാരം അപേക്ഷിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. നടപ്പ് സാമ്പത്തിക വർഷം ജൂലൈ 31 നകം തന്നെ വട്ടച്ചിറ ആദിവാസി കോളനിയുടെ സമഗ്രവികസനത്തിനായി അനുവദിയ്ക്കപ്പെട്ട 52,98,400/- രൂപ (അമ്പത്തി രണ്ട് ലക്ഷത്തി തൊണ്ണൂറ്റി എട്ടായിരത്തി നാനൂറ് രൂപ) കാലവിളംബം കൂടാതെ വിനിയോഗിക്കണമെന്ന നിർദ്ദേശത്തോടെയും തുക കൃത്യമായി വിനിയോഗിച്ചതിന്റെ യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് അടിയന്തിരമായി ലഭ്യമാക്കേണ്ടതാണെന്ന നിബന്ധനയോടെയും 2406-01-105-99 Timber and other produce removed by Govt Agency (NP) എന്ന ശീർഷകത്തിലെ ബഡ്ജറ്റ് വിഹിതത്തിൽ നിന്നും വിനിയോഗിയ്ക്കുന്നതിനുള്ള അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
UDAYAKUMAR A R
ഡെപ്യൂട്ടിസെക്രട്ടറി

പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് (പ്ലാനിംഗ് ആന്റ് ഡവലപ്പ്മെന്റ്),തിരുവനന്തപുരം.
പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് (ഫോറസ്റ്റ് മാനേജ്മെന്റ്), തിരുവനന്തപുരം.
ജില്ലാകളക്ടർ, കോഴിക്കോട്.
ധനകാര്യ (അഗ്രി-വിംഗ്) വകുപ്പ് (07.07.2022 ലെഅഗ്രി-എ 1/19/2018-ധന).
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(എ & ഇ)/(ആഡിറ്റ്), കേരള, തിരുവനന്തപുരം.
വെബ് ആന്റ് ന്യൂ മീഡിയ(ഔദ്യോഗികവെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
കരുതൽ ഫയൽ /ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by Ravindran C
Date: 20-07-2022 16:51:34

സെക്ഷൻ ഓഫീസർ

പകർപ്പ്-മുഖ്യമന്ത്രിയുടെ ഓഫീസിന് /വനം വന്യജീവി വകുപ്പ് മന്ത്രിയുടെ ഓഫീസിന്/വനം വന്യജീവി വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പിഎയ്ക്ക്